## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി.ക്ളാർക്ക് (നിലവിൽ ബേപ്പൂർ സോണൽ ഓഫീസ്) ശ്രീ. വി. എച്ച്.ഫൗസിദ് മുഹമ്മദിന്റെ ഹാജരില്ലായ്മ കെ. എസ്. ആർ. ഭാഗം I, അനുബന്ധം XII A യിൽ ഇളവ് വരുത്തി ശൂന്യവേതനാവധിയായി ക്രമവല്ക്കരിച്ച് ഉത്തരവാകുന്നു.

---

## തദ്ദേശസ്വയംഭരണ[ഇപിഎ]വകുപ്പ്

സ.ഉ[സാധാ] നമ്പർ **1408/2015**/തസ്വഭവ. തിരുവനന്തപുരം, തീയതി **13/05/2015**

---

പരാമർശം: 1) 10.06.2003 ലെ സ.ഉ(സാധാ) നം 2086/2003/തസ്വഭവ
2) പഞ്ചായത്ത് ഡയറക്ടറുടെ 24.07.2014 ലെ ഇ 6-1767/2013 നമ്പർ കത്ത്.
3) ശ്രീ.വി.എച്ച്. ഫൗസിദ് മുഹമ്മദ് ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം
4) സർക്കാരിന്റെ 06.12.2014 ലെ 52799/ഇപിഎ 1/14/തസ്വഭവ നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി.ക്ളാർക്ക് (നിലവിൽ ബേപ്പൂർ സോണൽ ഓഫീസ്) ശ്രീ. വി. എച്ച്. ഫൗസിദ് മുഹമ്മദ് ടിയാന് പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതാനാവധിക്ക് തുടർച്ചയായി 01.07.2008 മുതൽ 30.06.2013 വരെയും 01.07.2013 മുതൽ 30.06.2018 വരെയും മേൽ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം 3 പ്രകാരം നിവേദനം സമർപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ളാർക്ക് ( നിലവിൽ ബേപ്പൂർ സോണൽ ഓഫീസ്) ശ്രീ. വി. എച്ച്. ഫൗസിദ് മുഹമ്മദ് 22.03.1996 ൽ സേവനത്തിൽ പ്രവേശിക്കുകയും ടിയാന്റെ അപേക്ഷയിന്മേൽ പരാമർശം 1 ഉത്തരവ് പ്രകാരം വിദേശത്ത് മെച്ചപ്പെട്ട തൊഴിൽ സ്വീകരിയ്ക്കുന്നതിന് അഞ്ച് വർഷത്തേക്ക് കെ എസ് ആർ ഭാഗം I, അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധി അനുവദിക്കുകയും ചെയ്തിരുന്നു. ടിയാൻ 01.07.2003 ൽ അവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് 01.07.2008 മുതൽ 30.06.2013 വരേയ്ക്ക് ശൂന്യവേതനാവധി ദീർഘിപ്പിയ്ക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പ്രോബേഷൻ പ്രഖ്യാപിച്ചിട്ടില്ലെന്ന കാരണത്താൽ അവധി ദീർഘിപ്പിച്ച് നല്കിയിരുന്നില്ല.

ശൂന്യവേതനാവധി ദീർഘിപ്പിച്ച് നല്കിയിട്ടില്ലെന്ന വിവരം അറിയാതെ ശ്രീ. വി എച്ച് ഫൗസിദ് മുഹമ്മദ് അവധിയിൽ തുടരുകയും 01.07.2013 മുതൽ 30.06.2018 വരെ ശൂന്യവേതനാവധി ദീർഘിപ്പിയ്ക്കുന്നതിനായി അപേക്ഷ സമർപ്പിയ്ക്കുകയും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിയ്ക്കുകയും ചെയ്തു. സർക്കാർ ആയത്

പരിശോധിക്കുകയും അനുമതിയില്ലാതെ ടിയാൻ ശൂന്യവേതനാവധിയിൽ തുടരുന്നതിനാൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിയ്ക്കാൻ പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.

ശ്രീ. വി എച്ച് ഫൗസിദ് മുഹമ്മദ് തുടർന്ന് 01.07.2008 മുതൽ 30.06.2013 വരെയും 01.07.2013 മുതൽ 30.06.2018 വരെയും മേൽ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം 3 പ്രകാരം നിവേദനം സമർപ്പിച്ചു. ടിയാന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു.

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി.ക്ളാർക്ക് ( നിലവിൽ ബേപ്പൂർ സോണൽ ഓഫീസ്) ശ്രീ. വി. എച്ച് .ഫൗസിദ് മുഹമ്മദിന് പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതാനാവധിക്ക് തുടർച്ചയായി 01.07.2008 മുതൽ 30.06.2013 വരേയ്ക്ക് കെ എസ് ആർ ഭാഗം I, അനുബന്ധം XII A യിൽ ഇളവ് വരുത്തി ശൂന്യവേതനാവധിയായി ക്രമവല്ക്കരിച്ച് ഉത്തരവാകുന്നു.

നിലവിൽ ശൂന്യവേതനാവധിയിൽ തുടരുന്ന ശ്രീ. വി. എച്ച്. ഫൗസിദ് മുഹമ്മദിനോട് അടിയന്തിരമായി ജോലിയിൽ പുനപ്രവേശിക്കാൻ വേണ്ട നിർദ്ദശം നല്കേണ്ടതും അല്ലാത്തപക്ഷം ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കേണ്ടതുമാണ്. 01.07.2013 മുതൽ ടിയാൻ ജോലിയിൽ പ്രവേശിക്കുന്നത് വരെയുള്ള കാലയളവ് ക്രമവല്ക്കരിയ്ക്കാൻ വേണ്ട പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിയ്ക്കേണ്ടതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**സി.ആർ. സതീഷ്ചന്ദ്രൻ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, ബേപ്പൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ശ്രീ. വി എച്ച് ഫൗസിദ് മുഹമ്മദ്, ക്ളാർക്ക്,ബേപ്പൂർ സോണൽ ഓഫീസ്,കോഴിക്കോട്
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കോഴിക്കോട് മുഖേന)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് മുഖ്യമന്ത്രിയുടെ പി.എസ്സിന്